# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.406

### 26-04-2017 ൽ മറുപടിക്ക്

**ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ**

| ചോദ്യം<br>ശ്രീ. പി. ഉണ്ണി | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നല്കിയത്; വിശദാംശം നൽകാമോ; | സംസ്ഥാന സർക്കാരിന്റെ 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതും 2017-18 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കാൻ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളുമാണ് നിലവിൽ കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇത് ഒരു പ്രത്യേക നിയോജക മണ്ഡലത്തെയോ ജില്ലയെയോ മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളല്ല. സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. 07.11.2016 ൽ കൂടിയ കിഫ് ബോർഡിന്റെ 27 -ാമത് ബോർഡ് യോഗം 4004.86 കോടി രൂപ മുതൽ മുടക്കുള്ള 48 പദ്ധതികൾക്ക് അംഗീകാരം നൽകി. 21.03.2017 ൽ കൂടിയ കിഫ് ബോർഡിന്റെ 28 -ാമത് ബോർഡ് യോഗം 8041.65 കോടി രൂപ മുതൽ മുടക്കുള്ള 53 പദ്ധതികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി അംഗീകാരം നൽകി. പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |

| | |
|---|---|
| (ബി) ഓരോ പ്രവൃത്തിയുടേയും കാലിക സ്ഥിതി വിശദീകരിക്കാമോ? | കിഫ് ബോർഡിന്റെ 27-ാമത് ബോർഡ് യോഗം അംഗീകരിച്ച പദ്ധതികളുടെ പ്രവർത്തന പുരോഗതി റിപ്പോർട്ട് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു. 28 -ാമത് ബോർഡ് യോഗം വ്യവസ്ഥകൾക്കു വിധേയമായി അംഗീകരിച്ച പദ്ധതികളുടെ പ്രവർത്തന നിർവ്വഹണം പ്രാഥമിക ഘട്ടത്തിലാണ്. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**